**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3806** **03-03-2023 - ൽ മറുപടിയ്ക്ക്**

**മലിനീകരണ നിയന്ത്രണ ബോർഡിലെ പി.എസ്.സി. നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലിനീകരണ നിയന്ത്രണ ബോർഡിലെ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്, അസിസ്റ്റന്റ് സയന്റിസ്റ്റ് എന്നീ തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനായി എത്ര ഒഴിവുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത തസ്തികകളിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ 30 ജൂനിയർ സയന്റിഫിക് അസിസ്റ്റന്റിന്റെ അംഗീകൃത തസ്തികകളും, 23 അസിസ്റ്റന്റ് സയന്റിസ്റ്റ് അംഗീകൃത തസ്തികകളുമാണ് നിലവിൽ ഉള്ളത്. മേൽ ഒഴിവുകൾ എല്ലാം തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 26-12 2022 ലെ സ.ഉ.(സാധാ)നം. 100/2022/പരിസ്ഥിതി നമ്പർ ഉത്തരവ് പ്രകാരം സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ 15 ഒഴിവുകൾ എൻട്രി കേഡർ തസ്തികകളായി തരംതാഴ്ത്തി ഉത്തരവാകുകയും, തുടർന്ന് ടി 15 ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ